I. ഇ.ബി. XII-കേരള നിയമസഭ/XIV-7

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 8, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

19-9-2007-ലെ 2394, 27-2-2009-ലെ 1752 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം.

XII-ാം കേരള നിയമസഭയുടെ VI-ാം സമ്മേളനത്തിലെ 19-09-07-ലെ നക്ഷത്രചിഹ്നമിടാത്ത 2394-ാം നമ്പർ ചോദ്യത്തിന്റെയും X-ാം സമ്മേളനത്തിലെ 27-02-09-ലെ നക്ഷത്രചിഹ്നമിടാത്ത 1752-ാം നമ്പർ ചോദ്യത്തിന്റെയും ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് യഥാക്രമം തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും സഹകരണവും കയറും വകുപ്പുമന്ത്രിയും മേശപ്പുറത്തുവച്ചു.

**അടിയന്തിരപ്രമേയം**

<u>റബ്ബർ തൈകൾ വെട്ടിനശിപ്പിച്ച സംഭവം</u>

<u>മി. സ്പീക്കർ</u>: തിരുവല്ല കുറ്റൂർ തെങ്ങേലിയിൽ മൂന്ന് വർഷം പ്രായമായ റബ്ബർ മരങ്ങൾ വെട്ടി നശിപ്പിക്കപ്പെട്ട സംഭവത്തെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ജോസഫ് എം. പുതുശ്ശേരി, കെ.സി. ജോസഫ്, പി.കെ. അബ്ദുറബ്ബ്, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ശ്രീ. മാത്യൂ ടി. തോമസ് ഒരു സബ്മിഷനും നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): പത്തനംതിട്ട ജില്ലയിൽ കുറ്റൂർ വില്ലേജിലെ തെങ്ങേലിയിൽ ശ്രീ. സന്തോഷ്കുമാർ തുടങ്ങി 11 പേരുടെ ഭൂമിയിൽ കൃഷി ചെയ്തിരുന്ന 894 റബ്ബർ തൈകൾ ഒരു സംഘം സാമൂഹ്യ വിരുദ്ധർ 4-3-2010ന് രാത്രി വെട്ടിനശിപ്പിച്ച സംഭവത്തിൽ ശ്രീ. സന്തോഷ് കുമാറിന്റെ പരാതിയെത്തുടർന്ന് തെങ്ങേലി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ അഞ്ച് ലക്ഷത്തോളം രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. ജില്ലാ പോലീസ് സൂപ്രണ്ട് സംഭവസ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും പരിസരവാസികളിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേസന്വേഷണത്തിനായി സയന്റിഫിക് അസിസ്റ്റന്റ്, അഗ്രിക്കൾച്ചറൽ ഓഫീസർ എന്നിവരുടെ സേവനവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരികയാണ്.

ശ്രീ. ജോസഫ് എം.പുതുശ്ശേരി: ഏകദേശം രണ്ടായിരത്തോളം റബ്ബർ മരങ്ങൾ വെട്ടിനിരത്തിയത് ഒറ്റപ്പെട്ട സംഭവമല്ല. സമാനമായ സംഭവങ്ങൾ മറ്റ് സ്ഥലങ്ങളിലും ഉണ്ടാകുന്നുണ്ടെങ്കിലും ഇതുവരെ പ്രതികളെ കസ്റ്റഡിയി ലെടുക്കാൻ സാധിച്ചിട്ടില്ല. ചെറുകിട നാമമാത്ര കർഷകർ ലോണെടുത്തും മറ്റുമാണ് കൃഷി നടത്തുന്നത്. ഇത്തരം സാമൂഹ്യ വിരുദ്ധർക്കെതിരെ ഫലപ്രദ മായ നടപടികൾ സ്വീകരിക്കണം. ഇതിന്റെ പരിസരപ്രദേശത്തുള്ള കൃഷിയിടത്തെ ഒരു റബ്ബർ മരവും വെട്ടിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. നാശ നഷ്ടത്തിന് വിധേയരായ പല കൃഷിക്കാർക്കും ബാങ്കുകളിൽ നിന്നും ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നു.

ശ്രീ. മാത്യൂ ടി. തോമസ്: കുറ്റൂരിലെ തെങ്ങേലിയിൽ പതിനൊന്ന് കർഷകരുടെ മൂന്നും നാലും വർഷമായ റബ്ബർ തൈകൾ 2009 മാർച്ച് 4-ാം തീയതി രാത്രി ഒരു സംഘം സാമൂഹ്യ വിരുദ്ധർ വെട്ടി നശിപ്പിച്ച സംഭവ ത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടതിനെ തുടർന്ന് എസ്.പി. യുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാരെ അവിടെ നിയോഗിച്ചിട്ടുണ്ട്. പല കർഷകരും വായ്പയെടുത്തും മറ്റുമാണ് കൃഷി ചെയ്തിട്ടുള്ളത്. ഈ സംഭവത്തെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും അപലപിക്കുകയാണ്. ഇതിനുത്തരവാദികളായവരെ കണ്ടെ ത്താനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തിരുവല്ല കുറ്റൂർ തെങ്ങേലിയിൽ ഒരു സംഘം സാമൂഹ്യ വിരുദ്ധർ 4-3-2010-ന് റബ്ബർ തൈകൾ വെട്ടിനശിപ്പിച്ച സംഭവത്തിൽ 5-3-2010-ന് വൈകുന്നേരം അഞ്ച് മണിയ്ക്ക് പരാതി ലഭിച്ച ഉടൻ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. മാത്യൂ ടി. തോമസ് അറിയിച്ചതനുസരിച്ച് ഡി.ജി.പി.ക്ക് നിർദ്ദേശം കൊടുക്കുകയും ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് എത്തുകയും ചെയ്തിരുന്നു. ഈ സംഭവത്തിൽ ഡിവൈ. എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡിനെത്തന്നെ നിയോഗി ക്കാനും ഐ.ജി.യോട് ഇന്ന് വൈകുന്നേരം സംഭവ സ്ഥലത്ത് പോകാനും നിർദ്ദേശിച്ചിട്ടുണ്ട്. കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കും. മറ്റ് സ്ഥലങ്ങളിൽ നടന്നിട്ടുള്ള സമാന സംഭവ ങ്ങളെ സംബന്ധിച്ചും അന്വേഷിച്ച് നടപടികൾ സ്വീകരിക്കും. കർഷകരുടെ പേരിലുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കാനും നഷ്ടപരിഹാരത്തെ സംബന്ധിച്ച റിപ്പോർട്ട് നൽകാനും ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി. കാർത്തികേ യൻ, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോ ടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>മാലിന്യ സംസ്കരണം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> സംസ്ഥാനത്ത് മാലിന്യസംസ്ക്കരണം ഫലപ്രദമായി നടപ്പാക്കാത്തതിനാൽ കിണറുകൾ വിഷലിപ്തവും അന്തരീക്ഷം ദുർഗന്ധപൂരിതമാവുകയും പകർച്ചവ്യാധികൾ പടർന്നുപിടിക്കാനിടയാവുകയും ചെയ്യുന്നു. സംസ്ഥാനത്തെ ചവർ സംസ്ക്കരണ കേന്ദ്രങ്ങളിലെ ശോച്യാവസ്ഥ സമരങ്ങൾക്കും കോടതി ഇടപെടലുകൾക്കും കാരണമായിക്കൊണ്ടിരിക്കുന്നു. തൃശൂരിലെ ലാലൂരിൽ പ്രവർത്തിക്കുന്ന മാലിന്യ നിക്ഷേപ കേന്ദ്രവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾ മാസങ്ങളായി സമരത്തിലാണ്. പരിസ്ഥിതി സമിതി പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് കൊടുത്തിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉഭയകക്ഷി മദ്ധ്യസ്ഥ ശ്രമങ്ങൾ വളരെയധികം നടന്നെങ്കിലും യാതൊരു പുരോഗതിയും ഉണ്ടായില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നം ഗൗരവമായി എടുക്കുകയും സ്ഥലം സന്ദർശിക്കുകയും. ചെയ്യണം. മാലിന്യ നിർമ്മാർജ്ജനം, ശുചിത്വ പരിപാലനം, പ്ലാസ്റ്റിക് നിരോധനം എന്നീ കാര്യങ്ങളിൽ ഗവൺമെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തണം. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് നിരോധിക്കണം. മാലിന്യം അസംസ്കൃത പദാർത്ഥമായി മാറ്റാനുള്ള ടെക്നോളജി കണ്ടെത്തണം. സംസ്ഥാനതലത്തിൽ മാലിന്യ സംസ്ക്കരണത്തിന് സമഗ്രമായ കർമ്മ പദ്ധതി ഉണ്ടാക്കണം. മാലിന്യ സംസ്ക്കരണം വികേന്ദ്രീകൃതമാക്കണം. സർക്കാർ ഇക്കാര്യത്തിൽ മാതൃക കാണിക്കണം.

ജൈവ/ഖരമാലിന്യങ്ങൾ പ്രഭവ സ്ഥാനത്തുതന്നെ വേർതിരിക്കണം. സ്വന്ത മായ ഭൂമി ഉള്ളവർ അവരവരുടെ സ്ഥലത്തും ആശുപത്രികളും വ്യവസായ സ്ഥാപനങ്ങളും അതാതിടങ്ങളിലും കുറ്റമറ്റ രീതിയിൽ മാലിന്യ സംസ്ക്ക രണം നടത്തണം. ഇക്കാര്യത്തിൽ ബോധവത്ക്കരണം നടത്താൻ നടപടി സ്വീകരിക്കണം. നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കാത്തവർക്കെ തിരെ നടപടി എടുക്കണം. പ്രാദേശിക ജാഗ്രതാ സമിതികൾ രൂപീകരി ക്കണം. മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചിത്വത്തിനുംവേണ്ടി ജനകീയ കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുക്കാൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> മാലിന്യ സംസ്കരണത്തിന് ഹ്രസ്വകാല-ദീർഘകാല പ്രവർത്തനങ്ങളടങ്ങുന്ന മാലിന്യമുക്ത കേരളം പരിപാടി നടന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി ശുചിത്വ മിഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. 25 നഗരസഭ കളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പ്രവർത്തനക്ഷമമാവുകയും 11 എണ്ണത്തിൽ പ്ലാന്റുകളുടെ പണികൾ പുരോഗമിക്കുകയാണ്. 22 നഗരസഭ കളിൽ പ്രാദേശിക എതിർപ്പും സ്ഥലലഭ്യതയിലുള്ള പ്രശ്നങ്ങളും കാരണം നിശ്ചയിച്ചതുപോലെ പണി പുരോഗമിക്കുന്നില്ല. കെ.എസ്.യു.ഡി.പി, ജെ.എൻ.എൻ..യു.ആർ.എം തുടങ്ങിയവയിൽ ഖരമാലിന്യ സംസ്കരണ പരിപാലന പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. തൃശ്ശൂർ നഗരസഭയുടെ ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളും കെ.എസ്.യു.ഡി.പി,-ൽ ഉണ്ട്. സ്ഥലപരിമിതി ലാലൂരിലെ ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണ

പ്രവർത്തനങ്ങൾക്ക് തടസ്സമായതിനാൽ കെ.എസ്.യു.ഡി.പി. സഹായത്തോടെ സമഗ്ര മാലിന്യ സംസ്ക്കരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗണ്യ മായി കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ നഗര പ്രദേശത്തും ഖരമാലിന്യ സംസ്ക്കരണ സംവിധാനത്തിലൂടെ പൊതുസ്ഥലങ്ങളിൽ മാലി ന്യം സംസ്ക്കരിക്കുന്നതിനും വികേന്ദ്രീകൃതമായി മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തി ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്ക്കരിക്കുന്നതിനും ഉദ്ദേശിക്കുന്നു. കുടുംബശ്രീയെ ഉപയോഗപ്പെടുത്തി മാലിന്യം ഉറവിടങ്ങളിനിന്നും തരംതിരിച്ച് ശേഖരിക്കുന്ന രീതിയും വ്യാപക മായിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും സുപ്രീംകോടതി യുടെയും നിർദ്ദേശപ്രകാരം മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭകൾക്കുണ്ടാ കുന്ന പ്രാദേശിക പ്രശ്നങ്ങൾ സർക്കാർ ഇടപെട്ട് പരിഹരിച്ചു വരുന്നു. ലാലൂരിലെ സമരക്കാരുമായി തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി ചർച്ച നടത്തിയതിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സമ്മേളനം വിളിച്ചുകൂട്ടി. അതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>ദേശീയ ഭക്ഷ്യ സുരക്ഷ മിഷൻ</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: കേന്ദ്രസർക്കാരിന്റെ ദേശീയ ഭക്ഷ്യ സുരക്ഷ മിഷനിൽ ആലപ്പുഴ, മലപ്പുറം, തൃശൂർ ജില്ലകളെ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ പ്രധാന നെല്ലുൽപ്പാദന മേഖലകളായ കുട്ടനാട്, തൃശൂർ, പൊന്നാനി മേഖലകളെ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷനിൽ ഉൾപ്പെടുത്തിയിട്ടില്ല . പാലക്കാട് ജില്ലയെ

മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തൃശൂർ ജില്ലയെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം. സമുദ്രനിരപ്പിൽ നിന്നും താഴ്ന്നുകിടക്കുന്ന ഈ പ്രദേശങ്ങളിൽ ബണ്ടുനിർമ്മാണം, കനാൽ നിർമ്മാണം തുടങ്ങിയവ വേണ്ടി വരുന്നതിനാൽ കൃഷി ചെലവ് മറ്റ് മേഖലകളേക്കാൾ വളരെ കൂടുതലാണ്. യന്ത്രവൽക്കരണവും പ്രധാനപ്പെട്ട പ്രശ്നമാണ്. നെല്ലിന്റെ താങ്ങു വില കിലോയ്ക്ക് 12 രൂപയായി കേന്ദ്രസർക്കാർ നിജപ്പെടുത്തണം. നെല്ലിനെ 'എ. ക്ലാസ്' പട്ടികയിൽ ഉൾപ്പെടുത്താനും നെൽകൃഷിക്കാർക്ക് പലിശരഹിത വായ്പ കൊടുക്കാനും നെൽകൃഷിക്ക് പ്രീമിയം ഇല്ലാത്ത ഇൻഷ്വറൻസ് ഏർപ്പെടുത്താനും നെൽകൃഷി തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ</u>): 50,000 ഹെക്ടറിൽ കുറയാതെ ഒരുമിച്ചു കിടക്കുന്നതും സംസ്ഥാന ഉൽപ്പാദന ശരാശരിക്ക് താഴെ നിൽക്കുന്നതുമായ പ്രദേശത്തെയാണ് ഭക്ഷ്യ സുരക്ഷാ മിഷനിൽ ഉൾപ്പെടുത്തുന്നത്. ഇൻഡ്യയിലെ 168 ജില്ലകളെയാണ് ഭക്ഷ്യസുരക്ഷ മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിന്റെ നിരന്തര സമ്മർദ്ദം മൂലമാണ് പാലക്കാട് ജില്ലയെ ഉൾപ്പെടുത്തിയത്. കേരളത്തിൽ കേന്ദ്ര നോംസ് ബാധകമാക്കാൻ പ്രയാസമാണ്. തൃശൂർ പൊന്നാനി കോൾ മേഖല എടുത്താൽതന്നെ 50,000 ഹെക്ടർ വരില്ല. മാത്രമല്ല ഈ പ്രദേശങ്ങളിൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് ഉല്പാദനക്ഷമത. സമഗ്ര കുട്ടനാടിനെ ഒന്നായി കാണണമെന്നും ചിതറിക്കിടക്കുന്ന പാടശേഖരങ്ങൾ ഒറ്റ മേഖലയായി കണക്കാക്കി ഭക്ഷ്യ സുരക്ഷ മി.ഷനിൽ ഉൾപ്പെടുത്തണമെന്നുമുള്ള കേരളത്തിന്റെ ആവശ്യം സഭയുടെ പൊതു വികാരമായി

കണ്ട് നേടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. നെല്ലിനെ 'എ' ക്ലാസ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് എം.പി. മാർ മുഖേന ശ്രമിക്കുന്നതാണ്.

**സബ്മിഷൻ**

(1) ലോറി ഇടിച്ചുകയറിയുണ്ടായ മരണം

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര താലൂക്കിലെ വെള്ളറട ഗ്രാമ പഞ്ചായത്തിലെ കിളിയൂർ വാർഡിൽ 6-3-2010-ന് വൈകുന്നേരം സഖാവ് സുകുമാരൻ നായർ സ്മാരക ഗ്രന്ഥശാലാ അങ്കണത്തിൽ നടന്നുകൊണ്ടിരുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നിർവഹണ വിശദീകരണ യോഗസ്ഥലത്തേയ്ക്ക് പാറപ്പൊടി കയറ്റിവന്ന ലോറി നിയന്ത്രണം വിട്ട് പാഞ്ഞുകയറി 3 സ്ത്രീ തൊഴിലാളികൾ മരണപ്പെടുകയും 5 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. മരണപ്പെട്ട തൊഴിലാളികളുടെ കുടുംബങ്ങൾക്കും ചികിത്സയിൽ കഴിയുന്നവർക്കും പരമാവധി സഹായം അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കിളിയൂരിൽ മാർച്ച് 6-ന് വൈകിട്ട് തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട യോഗ സ്ഥലത്തേയ്ക്ക് ലോറി ഇടിച്ചു കയറി മൂന്നു തൊഴിലാളികൾ മരണപ്പെടുകയും ലോറി ഡ്രൈവർ ഉൾപ്പെടെ ആറ് പേർ പരിക്കേറ്റ് ചികിൽസയിലുമാണ്. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. മരിച്ചവരുടെ കുടുംബത്തിന് പരമാവധി സാമ്പത്തികസഹായം നൽകും. പരിക്കേറ്റവർക്കുള്ള ചികിത്സാ ചെലവ് സർക്കാർ വഹിക്കുന്നതാണ്.

(2) കുളമ്പുരോഗം

ശ്രീ. സി.എഫ്. തോമസ്: കന്നുകാലികളുടെ കുളമ്പ് രോഗം മൂലം വരുമാനം നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് ആവശ്യമായ സഹായം നൽകണം. ഇതിനോടകം മരണപ്പെട്ട കന്നുകാലികൾക്കുകൂടി സമ്പൂർണ്ണ ഇൻഷ്വറൻസ് ആനുകൂല്യം കൊടുക്കണം. കുളമ്പുരോഗം ബാധിച്ച കന്നുകാലികൾക്ക് ദീർഘകാല ചികിത്സ ആവശ്യമായതിനാൽ സഹായ ധനം വർദ്ധിപ്പിക്കണം. ക്ഷീര കർഷകർ എടുത്ത കടം എഴുതിത്തള്ളുക, പലിശരഹിത വായ്പ അനുവദിക്കുക, കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുക തുടങ്ങിയ നടപടികളും സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 2009 ഒക്ടോബർ മുതൽ സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ കാണാനിടയായ കുളമ്പു രോഗം നിയന്ത്രിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലാണ് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചത്. കഴിഞ്ഞ 5 വർഷമായി പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നുണ്ടെങ്കിലും ചുരുക്കം ചില കന്നുകാലികൾക്ക് രോഗബാധയുണ്ടായിട്ടുണ്ട്. സതേൺ റീജിയൺ ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻമാരുടെ സംഘം രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. രോഗബാധയുണ്ടായ നാൾമുതൽ കന്നുകാലികൾക്ക് സൗജന്യ ചികിത്സ നൽകാൻ നടപടി സ്വീകരിച്ചു. സ്ക്വാഡുകൾ രൂപീകരിച്ച് കൂടുതൽ ഡോക്ടർമാരേയും മറ്റ് ഉദ്യോഗസ്ഥരേയും രോഗബാധിത പ്രദേശങ്ങളിൽ വിന്യസിപ്പിച്ചു. ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വമുള്ള കോട്ടയം ജില്ലയിലെ എല്ലാ കർഷകർക്കും ക്ഷേമനിധി ബോർഡിൽനിന്നും ചികിത്സാ സഹായവും കേരളാ ഫീഡ്സ്., മിൽമ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ സൗജന്യമായി കാലിത്തീറ്റയും

നൽകുകയുണ്ടായി. ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് മൃഗസംരക്ഷണ വകുപ്പ് നൽകിയ സഹായത്തിനുപുറമേ രോഗ ബാധിത പ്രദേശങ്ങളിലെ ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് ഒരു ലക്ഷം രൂപ ധനസഹായം നൽകുക യുണ്ടായി. ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത കർഷകർക്ക് അത് തിരിച്ചട യ്ക്കുന്നതിന് സമയം നീട്ടിക്കൊടുക്കാൻ ബാങ്കുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) കുരിയത്തോടിന്റെ മലിനീകരണം

ശ്രീ. ടി.യു. കുരുവിള: സമീപ പ്രദേശത്തെ അറവുശാ ലയിൽനിന്നുള്ള അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനാൽ കരിയത്തോട് മലിനപ്പെടുകയും ഗുരുതരമായ പകർച്ചവ്യാധികൾ ഉണ്ടാകുന്നതിന് കാരണമാ കുകയും ചെയ്യുന്നു. ജലസ്രോതസുകളുടെ സമീപം പ്രവർത്തിക്കുന്ന അറ വുശാലകൾ നിരോധിക്കുന്നതിനും കുരിയത്തോട് മലിനപ്പെടാതിരിക്കുന്ന തിനും ആവശ്യമായ നടപടി സ്വീകരിക്കണം. .

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കോതമംഗലം നഗരസഭയിൽക്കൂടി ഒഴുകുന്ന കുരിയത്തോടിന്റെ മലിനീകരണം തടയുന്നതിനായി തോടിന്റെ കര യിലുള്ള മത്സ്യ-മാംസ സ്റ്റാളുകൾ, ഹോട്ടലുകൾ, ആശുപത്രികൾ എന്നിവിട ങ്ങളിൽ സ്വീവറേജ് ട്രീറ്റുമെന്റ് പ്ളാന്റ് സ്ഥാപിച്ച് മലിനജല ഒഴുക്ക് നിയന്ത്രിക്കുകയും ക്ളീൻ കോതമംഗലം പദ്ധതിയിൽ ഉൾപ്പെടുത്തി 90 ശതമാനം വ്യാപാര സ്ഥാപനങ്ങളിലും പ്ളാസ്റ്റിക് ബക്കറ്റുകൾ സ്ഥാപിച്ച് ഖര-ജൈവ മാലിന്യ നിക്ഷേപം നിയന്ത്രിക്കുകയും മാംസ സ്റ്റാളുകളോട് അനുബന്ധിച്ചുള്ള കശാപ്പ് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2010-2011-ലെ ലൈസൻസ് പുതുക്കുന്നതിനുമുമ്പ് മത്സ്യ-മാംസ വ്യാപാര സ്ഥാപനങ്ങളിൽ മലിനജല

സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും 2010 -2011 വികസന പദ്ധതിയിൽ കുരിയത്തോട് സംരക്ഷണത്തിനായി ഒരു ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. തോടിൽ മാലിന്യം നിക്ഷേപിക്കുന്ന വർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്ത് പരിഹാര നടപടികൾ ശക്തമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) മരുതൂർക്കടവ് പാലത്തിന്റെ ടോൾ പിരിവ്

ശ്രീ. എൻ. ശക്തൻ: ഒരു കോടിയിലധികം രൂപ നിർമ്മാണച്ചെലവ് വരുന്ന പാലങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ടോൾ പിരിവിന്റെ പരിധിയിൽ 87.67 ലക്ഷം രൂപ മാത്രം നിർമ്മാണച്ചെലവുള്ള നേമം നിയോജകമണ്ഡലത്തിലെ മരുതൂർക്കടവ് പാലത്തിനെ ഉൾപ്പെടുത്തി ടോൾപിരിക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 1999-ൽ പൂർത്തിയായ മരുതൂർക്കടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് 1,03,47,684 രൂപയാണ് ചെലവായിട്ടുള്ളത്. 1-11-2000 മുതൽ 16-2-2010 വരെ 9,52,116 രൂപയാണ് ടോൾ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. ഒരുകോടി രൂപയ്ക്ക് മുകളിൽ നിർമ്മാണച്ചെലവ് വരുന്ന പാലങ്ങൾക്ക് നിർമ്മാണത്തിന് ചെലവായ തുകയും 9 ശതമാനം വാർഷിക പലിശ സഹിതവും പിരിഞ്ഞുകിട്ടുന്നതുവരെയോ 15 വർഷംവരെയോ ആണ് ടോൾ പിരിക്കുന്നത്. ഈ പാലത്തിന്റെ കാര്യത്തിൽ ഇത് രണ്ടും സംഭവിച്ചിട്ടില്ലാത്തതുകൊണ്ടാണ് ടോൾ പിരിവ് അവസാനിപ്പിക്കാത്തത്. ടോൾ പിരിവിനുള്ള സീലിംഗ് ഒരു കോടി രൂപയെന്നുള്ളത് കുറച്ചുകൂടി വർദ്ധിപ്പിക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്.

(5) കോളേജ് വിദ്യാർത്ഥികൾ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി. ചെന്താമരാക്ഷൻ: 4-3-2010-ന് നെന്മാറ എൻ.എസ്.എസ്. കോളേജിൽ കെ.എസ്.യു. പ്രവർത്തകരും യൂത്ത് കോൺഗ്രസ് പ്രവർത്തകരും ചേർന്ന് നടത്തിയ ആക്രമണത്തിൽ 7 എസ്.എഫ്.ഐ. പ്രവർത്തകർക്ക് പരിക്കേൽക്കുകയും അക്രമം തടയാൻ ചെന്ന അദ്ധ്യാപകരെ ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 4-3-2010-ൽ നെന്മാറ എൻ.എസ്.എസ്. കോളേജിൽ കെ.എസ്.യു. പ്രവർത്തകരും പുറത്തുനിന്നുള്ള കണ്ടാലറിയാവുന്ന ചിലരും ചേർന്ന് മാരകായുധങ്ങൾ കൊണ്ടുനടത്തിയ ആക്രമണത്തിൽ 7 എസ്.എഫ്.ഐ. പ്രവർത്തകർക്ക് പരിക്കേറ്റ സംഭവത്തിൽ 11 പേർക്കെതിരെ നെന്മാറ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ പിടികൂടുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടത്തുകയാണ്. കേസന്വേഷണ നടപടികൾ ഊർജ്ജിതപ്പെടുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതാണ്.

(6) പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

ശ്രീ. എം. ഹംസ: ജനനത്തീയതി, പേരുകൾ, രക്ഷിതാവിന്റെ പേര് എന്നിവ തിരുത്തുന്നതിനായി പരീക്ഷാ ഭവനിൽ കെട്ടിക്കിടക്കുന്ന പതിനായിരക്കണക്കിന് അപേക്ഷകൾ അദാലത്തുകളും മറ്റും സംഘടിപ്പിച്ച് സമയബന്ധിതമായി തീർപ്പാക്കണം. പരീക്ഷാഭവനിലെ അഴിമതി അവസാനിപ്പിക്കാനും എം.എൽ.എ.മാരുടെ പി.എ.മാർ ഉൾപ്പെടെയുള്ളവ

രുടെ സന്ദർശനത്തിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പരീക്ഷാ ഭവനിലെ അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എം.എൽ.എ. മാരുടെ പി.എ. മാർക്ക് പരീക്ഷാഭവനിൽ പരാതികൾ നൽകാനുള്ള സൗകര്യങ്ങളുണ്ടാകും. ജനന ത്തീയതി തിരുത്തുന്നതിന് പ്രൈമറി സ്കൂൾ തലം വരെയുള്ളത് എ.ഇ.ഒ.മാ രേയും ഹൈസ്കൂൾ തലം വരെയുള്ളത് ഡി.ഇ.ഒ.മാരേയും ഏൽപ്പിക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷാ ഫീസ് അടച്ചു കഴിഞ്ഞ കേസുകൾ മാത്രമേ പരീക്ഷാ ഭവനിൽ വരേണ്ടതുള്ളൂ. ഡ്യൂപ്ളി ക്കേറ്റ് സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട്. സന്ദർശകർക്ക് അപേക്ഷ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(7) കണ്ണൂരിലെ കുടിവെള്ളക്ഷാമം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ നഗരത്തിലെ കുടിവെള്ള ക്ഷാമ ത്തിന് പരിഹാരം കാണണം. വാട്ടർ അതോറിറ്റി നൽകാനുള്ള വൈദ്യുതി കുടിശ്ശിക അടയ്ക്കുകയും വർഷങ്ങളോളം പഴക്കമുള്ള സിമന്റ് പൈപ്പു കൾക്ക് കൃത്യസമയത്ത് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം. ആധുനിക പൈപ്പ്ലൈൻ ഇടുന്നതിന് മലബാർ പാക്കേജ് പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും നഗരസഭ സമർപ്പിച്ച 32 കോടി രൂപ യുടെ പദ്ധതി പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കണ്ണൂർ പട്ടണത്തിലെ കുടിവെള്ള വിതരണത്തിനുള്ള വൈദ്യുതിബന്ധം വിച്ഛേദിച്ച പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. കണ്ണൂർ വാട്ടർ സപ്ലൈ സ്കീമിന്റെ എ.സി ലൈൻ മാറ്റി 67 കോടി രൂപയ്ക്ക് കാസ്റ്റ് അയൺ പൈപ്പ് ഇടുന്ന പദ്ധതിയുടെ ടെന്റർ പ്രോസ്സസ് നടക്കുകയാണ്. തുടർച്ചയായി 36 മണിക്കൂറോളം പമ്പ് ചെയ്താൽ മാത്രമേ കണ്ണൂർ നഗരത്തിൽ കുടിവെള്ളം എത്തിക്കാൻ സാധിക്കൂ. ജപ്പാൻ കുടിവെള്ളപദ്ധതി പൂർത്തീകരിക്കുന്ന ഘട്ടത്തിൽ എക്സ്ക്ലൂസീവായിട്ടുള്ള ഒരു പമ്പിംഗ് സ്റ്റേഷനും ട്രാൻസ്ഫോർമറും സ്ഥാപിക്കുമ്പോൾ വൈദ്യുതി തടസ്സത്തിന് പരിഹാരമുണ്ടാകും. അവിടുത്തെ ഡിസ്ട്രിബ്യൂഷൻ ലൈൻ റീവാമ്പ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(8) മംഗലം ഡാം കേന്ദ്രമായി ഇലക്ട്രിക് സെക്ഷൻ

ശ്രീ. എം. ചന്ദ്രൻ: സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ച ആലത്തൂർ നിയോജകമണ്ഡലത്തിൽ ആദിവാസി മേഖലയിലെ രണ്ട് സെക്ഷൻ ഓഫീസുകളും വളരെയധികം അകലെ സ്ഥിതി ചെയ്യുന്നതുകൊണ്ട് ബിൽ അടയ്ക്കാനും പരാതി ബോധിപ്പിക്കാനും ഉപഭോക്താക്കൾ ബുദ്ധിമുട്ടുന്നതിനാൽ മംഗലം ഡാം കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക് സെക്ഷൻ അനുവദിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): മുടപ്പല്ലൂർ ഇലക്ട്രിക് സെക്ഷന്റെ പരിധിയിൽ ഏകദേശം

പതിനാലായിരത്തോളവും കിഴക്കഞ്ചേരി ഇലക്ട്രിക് സെക്ഷന്റെ പരിധിയിൽ പതിനായിരത്തോളവും ഉപഭോക്താക്കളാണുള്ളത്. ഇത് വിഭജിച്ച് മംഗലം ഡാം കേന്ദ്രമാക്കി ഒരു സെക്ഷൻ രൂപീകരിച്ചാൽ 4900 ഉപഭോക്താക്കൾ മാത്രമേ അതിൽ വരികയുള്ളു. 25,000 ഉപഭോക്താക്കളുള്ളതാണ് സാധാരണഗതിയിൽ വിഭജിക്കുന്നത്. സമ്പൂർണ്ണമായി വൈദ്യൂതീകരിക്കപ്പെട്ട മണ്ഡലമെന്ന നിലയിലും ആദിവാസികൾ കേന്ദ്രീകരിക്കുന്ന പ്രദേശമെന്ന നിലയിലും അവിടെ ഒരു സബ് എഞ്ചിനീയർ ഓഫീസോ ഒരു കളക്ഷൻ സെന്ററോ സ്ഥാപിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(9) <u>നന്തി മുതൽ ചെങ്ങോട്ടുകാവ് വരെയുള്ള പുതിയ റോഡ്</u>

<u>ശ്രീ. പി. വിശ്വൻ:</u> വടകരയുടെയും കൊയിലാണ്ടിയുടെയും ഇടയിൽ നന്തി മുതൽ ചെങ്ങോട്ടുകാവ് വരെ 11 കിലോമീറ്റർ എൻ.എച്ച് റോഡാക്കി മാറ്റാനുള്ള പ്രൊപ്പോസൽ റദ്ദാക്കി പുതിയ വഴിയിലൂടെ എൻ.എച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടിയിൽ നിന്ന് സർക്കാർ പിന്മാറണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്</u>): ദേശീയപാത 17 നാലുവരി പാതയാക്കി മാറ്റുന്നതിന്റെ ഭാഗമായി 45 മീറ്റർ സ്ഥലം എടുക്കുന്നത് കൊയിലാണ്ടി ഡീവിയേഷന് വേണ്ടി അംഗീകരിച്ച അലൈൻമെന്റിലൂടെയാണ്. നന്തി, ചെങ്ങോട്ടുകാവ് എന്നിവിടങ്ങളിലുണ്ടായിരുന്ന റെയിൽവേ ക്രോസ്സിംഗിന് പകരം റെയിൽവേ ആർ.ഒ.ബി.കളുടെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ധാരാളം കെട്ടിടങ്ങൾ അക്വയർ ചെയ്യേണ്ടി വരികയും ആളുകളെ കുടിയൊഴിപ്പിക്കേണ്ടി വരികയും ചെയ്യുമെന്നതിനാൽ കൊയിലാണ്ടി

ഡീവിയേഷനിലെ അംഗീകൃത അലൈൻമെന്റിലൂടെ തന്നെ നാലുവരി പാത നിർമ്മിക്കുക എന്നതാണ് ഏറ്റവും പ്രായോഗികം.

(10) <u>പബ്ലിക് സ്റ്റേഡിയം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വർക്കല കഹാർ</u>: അവശേഷിക്കുന്ന പണികൾ യുദ്ധ കാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് കേരള സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള ഇടവ പബ്ലിക് സ്റ്റേഡിയം സംരക്ഷിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ</u>): ഇടവ ഗ്രാമപഞ്ചായത്ത് പബ്ലിക് സ്റ്റേഡിയത്തിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കി സംരക്ഷക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്. വരുന്ന അദ്ധ്യയന വർഷം മുതൽ സ്റ്റേഡിയത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം കൂടി ഏർപ്പെടുത്തുന്നതാണ്.

(11) <u>റേഷൻ കാർഡ് അപേക്ഷ ഉത്തരവിലെ നടപടികൾ</u>
<u>ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എം. ഉമ്മർ</u>: പുതിയ റേഷൻ കാർഡിന് അപേക്ഷിക്കണമെങ്കിൽ അപേക്ഷകൻ നേരിട്ട് താലൂക്ക് ഓഫീസിൽ ഹാജരാകണമെന്നും അപേക്ഷാ ഫോമിനോടൊപ്പം റെസിഡൻഷ്യൻ സർട്ടിഫിക്കറ്റ് വയ്ക്കണമെന്നുമുള്ള നിബന്ധന ലഘൂകരിക്കണം. അപേക്ഷാ ഫോമുകൾ ബന്ധപ്പെട്ട റേഷൻ കടകൾ വഴിയോ, വില്ലേജ് ഓഫീസ് വഴിയോ വിതരണം ചെയ്യാനും ഫോട്ടോ എടുക്കാനുള്ള സംവിധാനം ഏർപ്പെടുത്താനും ഒരു പഞ്ചായത്തിൽ ഒരു സ്ഥലത്തെങ്കിലും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): അപേക്ഷ ഫാറം ലഭിക്കുന്നതിന് മറ്റ് രേഖകളൊന്നും ഹാജരാക്കേണ്ടതില്ലെന്ന് തീരുമാനിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അപേക്ഷയോടൊപ്പം റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നിലവിൽ പേര് ഉൾപ്പെട്ടിട്ടുളള റേഷൻ കാർഡ് എന്നിവ ഹാജരാക്കേണ്ടതാണ്. അപേക്ഷാ ഫാറങ്ങൾ സർക്കാർ വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. ഓരോ അസംബ്ലി മണ്ഡലത്തിലെയും പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കേന്ദ്രീകരിച്ച് അപേക്ഷകൾ വിതരണം ചെയ്യാനും പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കാനും അദാലത്തുകൾ സംഘടിപ്പിക്കാനും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(12) പിറവം ബ്രാഞ്ച് കനാൽ

ശ്രീ. എം. ജെ. ജേക്കബ്: എം.വി.ഐ.പി.-യുടെ ഭാഗമായ പിറവം ബ്രാഞ്ച് കനാലിന്റെ പണി ഇലഞ്ഞി പഞ്ചായത്തിൽ തുടങ്ങി ഏതാണ്ട് 250 മീറ്റർ വരെ മാത്രമേ പൂർത്തികരിച്ചിട്ടുളളു. അവശേഷിക്കുന്ന പണി 2010 മാർച്ച് മാസം തന്നെ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കനാലിന്റെ ചെയിൻ 250 മീറ്റർ മുതൽ 2500 മീറ്റർ വരെ പൂർത്തിയാക്കുന്നതിനായി 29.03.2007-ൽ വച്ച എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ പണികൾ പുരോഗമിച്ചു വരികയാണ്. മാർച്ച് 31-ന് മുൻപ് തന്നെ പണി പൂർത്തീകരിച്ച് വെളളം എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണികൾ പൂർത്തീകരിക്കേണ്ട ഭാഗത്ത് കേവലം 600 കിലോമീറ്റർ മാത്രമേ കനാൽ ഫോർമേഷൻ പൂർത്തിയാക്കാനുളളു.

## ധനകാര്യം

### 2010 – 2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച.

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ജോസ് ബേബി) : ബഡ്ജറ്റിനെ പിന്താങ്ങുന്നു. രാജ്യം പതിറ്റാണ്ടുകളായി പിന്തുടരുന്ന തെറ്റായ സാമ്പത്തിക നയത്തെ മറികടക്കാനുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കാർഷിക വായ്പ വർദ്ധിപ്പിച്ചതുകൊണ്ടോ കടങ്ങൾ എഴുതിത്തള്ളിയതുകൊണ്ടോ യഥാർത്ഥ പ്രശ്നത്തിന് പരിഹാരമാകുന്നില്ല. മഹാഭൂരിപക്ഷം വരുന്ന ചെറുകിട നാമമാത്ര കർഷകർ കടക്കെണിയിൽപ്പെട്ടതിന്റെ കാരണമാണ് പരിഹരിക്കപ്പെടേണ്ടത്. ആഭ്യന്തര വിപണിയേയും ആഭ്യന്തര ഉല്പാദനത്തെയും തകർക്കുന്ന ഇറക്കുമതി നയത്തേയും ആഗോള കരാറുകളെയും അവസാനിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ നയങ്ങളിൽ മാറ്റമുണ്ടാകണം. കേന്ദ്രത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ കർഷകരെയും കേരളത്തെയും രക്ഷിക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഈ ബഡ്ജറ്റ് അതിനുള്ള ഏറ്റവും വലിയ ഒരു ആയുധമാണ്. സംസ്ഥാനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തേണ്ട കേന്ദ്രം അതിൽ നിന്ന് പിൻവാങ്ങുന്ന സമീപനമാണ് സ്വീകരിച്ചത്. റേഷനിംഗ് സംവിധാനത്തിൽ എ.പി.എൽ - ബി.പി.എൽ വേർതിരിവ് കൊണ്ടുവന്നു. 2009-10 ൽ രാജ്യത്ത് ഭക്ഷ്യോൽപാദനം വർദ്ധിച്ചിട്ടും പട്ടിണി നിലനിൽക്കുന്നു. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിലുള്ള കേരളത്തിന് ആവശ്യമായ അരി കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നില്ല. ഭക്ഷ്യ ഉല്പാദനം വർദ്ധിച്ചിട്ടും വെറും 17,000 ടൺ അരി മാത്രമേ റേഷൻ വിത

രണത്തിന് നൽകുന്നുള്ളു. കിലോയ്ക്ക് രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ പ്രയോജനം 35 ലക്ഷം കുടുംബങ്ങൾക്കാണ് ലഭിക്കാൻ പോകുന്നത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതുവഴി ലക്ഷക്കണക്കിന് അവശർക്കാണ് ഗുണം ലഭിക്കുന്നത്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്താൻ ഇൻകം സപ്പോർട്ട് സ്കീമിനായി 50 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് മേഖലയിൽ കേന്ദ്ര സർക്കാർ 11 ലക്ഷം കുടുംബങ്ങൾക്ക് സഹായം നൽകുന്നുവെങ്കിൽ ഈ ബഡ്ജറ്റിലൂടെ 35 ലക്ഷം കുടുംബങ്ങളെക്കൂടി ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുന്നു. പൊതു ആരോഗ്യം സംരക്ഷിക്കുന്നതിന് 30,000 രൂപയുടേയും മാരക രോഗങ്ങൾക്ക് 70,000 രൂപയുടേയും ഇൻഷ്വറൻസ് പരിരക്ഷയാണ് ലഭിക്കുന്നത്. കേരളം സാമൂഹിക സേവന രംഗത്ത് ലോകത്തിനുതന്നെ മാതൃകയാവുകയാണ്. മാനസികവും ശാരീരികവുമായി ശയ്യാവലംബരായവർക്കും അവരുടെ സഹായിക്കും 300 രൂപ വീതം സഹായം നൽകുന്നതാണ്. പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പിന്റെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം അലവൻസ് 70 ശതമാനവും നോട്ട് ബുക്കുകൾ വാങ്ങുന്നതിനുള്ള സഹായം 250 ശതമാനം വരെയും വർദ്ധിപ്പിച്ചു. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം 20,000 രൂപയായി വർദ്ധിപ്പിച്ചു. എക്സൈസ് തീരുവ, കസ്റ്റംസ് തീരുവ, പരോക്ഷ നികുതി ഇളവുകൾ തുടങ്ങിയവ വഴി 5 ലക്ഷം കോടി രൂപയാണ് കേന്ദ്ര ബഡ്ജറ്റിലൂടെ കോർപ്പറേറ്റ് മേഖലകൾക്ക്

കിഴിവ് നൽകിയത്. 1000 കോടി രൂപയുടെ ഹരിത ഫണ്ടിന് രൂപം നൽകിയത് സ്വാഗതാർഹമാണ്. നമ്മുടെ ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും കോട്ടം തട്ടാതെ ഭൂമിയെ സംരക്ഷിക്കുക എന്നത് ഏതൊരാളുടെയും കടമയാണ്. കേരളത്തിന്റെ ഭൗതിക പശ്ചാത്തല വികസനത്തിന് വൻകിട പദ്ധതികൾക്കാണ് ബഡ്ജറ്റിൽ ഊന്നൽ നൽകുന്നത്. കണ്ണൂർ വിമാനത്താവളം, റെയിൽ കോറിഡോർ, വിഴിഞ്ഞം തുറമുഖം, എൽ.എൻ.ജി. ടെർമിനൽ, റോഡ് വികസനം, കൊച്ചി മെട്രോ തുടങ്ങിയവ ആധുനിക കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ പര്യാപ്തമായ പദ്ധതികളാണ്. കാർഷിക മേഖലയുടെ വികസനത്തിന് 50 ശതമാനം വർദ്ധനവാണ് അടങ്കൽ തുകയിൽ വരുത്തിയിരിക്കുന്നത്. നെൽക്കൃഷിക്ക് വേണ്ടി 500 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. നെല്ലുല്പാദനം 11.74 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ഉല്പാദന ക്ഷമതയിലും വർദ്ധനവുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കിലോയ്ക്ക് 7 രൂപയുണ്ടായിരുന്ന നെല്ലിന്റെ സംഭരണ വില 12 രൂപയായി വർദ്ധിച്ചു. വികസനത്തിന് 30 കോടി രൂപയാണ് വകയിരുത്തുന്നത്. തെങ്ങ് കൃഷി വ്യാപിപ്പിക്കാനും ഉല്പാദനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ ഉണ്ടാകണം. പച്ചക്കറി കൃഷിക്ക് 100 കോടി രൂപയാണ് നീക്കിവച്ചിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന കൊടുക്കണം. കുട്ടനാട്, ഇടുക്കി പാക്കേജുകൾ കാലതാമസം കൂടാതെ നടപ്പിലാക്കണം. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിന് 100 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 44.8 കോടി യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ

കഴിഞ്ഞു. പാലക്കാട് ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിക്കുകയും അത് മറ്റ് ജില്ലകളിൽക്കൂടി പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ട്രാൻസ്പോർട്ട് വ്യവസായത്തിൽ കാതലായ അഴിച്ചുപണി ആവശ്യമാണ്. വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഓരോ വർഷവും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടി വരുന്നതിനെക്കുറിച്ച് പഠനം നടത്തി കാരണങ്ങൾ കണ്ടെത്തണം. ആരോഗ്യ രംഗത്ത് കേരളം വളരെ മുമ്പിലാണ്. ആരോഗ്യരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. വയോജന പരിപാലനത്തിന് ആവശ്യമായ നടപടിയുണ്ടാകണം. നിയമനങ്ങളിൽ വികലാംഗർക്കുള്ള സംവരണം ഉറപ്പുവരുത്തണം. സംസ്ഥാനത്ത് മദ്യാസക്തി കൂടിവരുന്നതിന്റെ കാരണം പരിശോധിക്കണം. ആദിവാസികൾക്ക് വളരെയധികം പ്രയോജനം ചെയ്ത അഹാഡ്സ് പദ്ധതിക്കുപകരം പുതിയൊരു പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. വികസനോന്മുഖമല്ലാത്തതും പ്രത്യുൽപ്പാദന മേഖലയെ പൂർണ്ണമായി തകർക്കുന്നതുമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ശമ്പളവർദ്ധനവിനാവശ്യമായ തുക മാറ്റിവയ്ക്കാതെ സർക്കാർ ജീവനക്കാരെ വഞ്ചിച്ചിരിക്കുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ തുക മാറ്റിവയ്ക്കണം. അടിസ്ഥാന മേഖലയുടെ വികസനത്തിന് പര്യാപ്തമായ തുക കണ്ടെത്തണം. റവന്യൂ കമ്മി ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം മൊത്തം ചെലവുകൾക്കുവേണ്ടി സഭ പാസ്സാക്കിയ തുകയിൽ ചെലവഴിക്കാനുള്ള 32621.70 കോടി രൂപയും കൂടി കൂട്ടിയാൽ റവന്യൂ കമ്മി വീണ്ടും വർദ്ധിക്കും. അതു

വഴി നാല് വർഷംകൊണ്ട് റവന്യൂ കമ്മി കുറച്ച് സർപ്ലസ് ആക്കണമെന്നുള്ള ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ വയലേഷൻ നടന്നിരിക്കുകയാണ്. വാറ്റ് നിയമം നടപ്പിലാക്കിയിട്ടും നികുതിയുടെ വളർച്ചാ നിരക്ക് 20 ശതമാനത്തിന് താഴെയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ടേണോവർ വർദ്ധിച്ചിട്ടും ലാഭത്തിൽ ഗണ്യമായ കുറവുണ്ടായിരിക്കുകയാണ്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ ദുർഭരണമാണ് പ്രകടമാക്കുന്നത്. കേന്ദ്രഗവൺമെന്റ് 1800 കോടി രൂപ ഭക്ഷ്യ സബ്സിഡി കൊടുക്കുമ്പോൾ സംസ്ഥാനം കൊടുക്കുന്നത് 500 കോടി രൂപ മാത്രമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ പൊതുക്കടം 22186 കോടി രൂപയായിരുന്നെങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നാലു വർഷത്തെ ഭരണത്തിൽ അത് 33847 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. കാർഷിക മേഖലയിൽ വികസനോന്മുഖമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ നടപ്പിലാക്കണം. കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്താൻവേണ്ടി മാത്രം നിലകൊള്ളുന്ന ഒരു ഗവൺമെന്റാണിത്. കടം വാങ്ങുന്ന തുക പ്രത്യുൽപാദന മേഖലയിൽ ചെലവിടണം. കൃഷി, വിദ്യാഭ്യാസം, ജലസേചനം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ തുക വകയിരുത്തണം.

ശ്രീ. വി. ജെ. തങ്കപ്പൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭക്ഷ്യസാധനങ്ങളുടെ വില കുറയ്ക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് 50 കോടി രൂപയും അരി സബ്സിഡൈസ്ഡ് റേറ്റിൽ കൊടുക്കാൻ 500 കോടി രൂപയും വകയിരുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. . സബ്സിഡൈസ്ഡ് റേറ്റിൽ അരികൊടുക്കുന്ന പദ്ധതിയിൽ തോട്ടം തൊഴിലാളികളേയും വികലാംഗരേയും കൂടി ഉൾപ്പെടുത്തണം. രണ്ടു രൂപയ്ക്ക് അരി നൽകുന്ന 35

ലക്ഷം കുടുംബങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് ചെറിയ കാര്യമല്ല. ക്ഷേമ പെൻഷനുകൾ 300 രൂപയാക്കി വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ്. തൊഴിലുറപ്പ് പദ്ധതി പട്ടണ പ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിച്ച് അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയെന്ന് നാമകരണം ചെയ്തത് സ്വാഗതാർഹമാണ്. കൈത്തറി, കയർ മേഖലകളിൽ സബ്സിഡി, റിബേറ്റ്, ഗ്രാന്റ്, മാർക്കറ്റിംഗ് ഇൻസെന്റീവ് ഉൾപ്പെടെയുള്ളവ സംയോജിപ്പിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രയോജനപ്രദമാണ്. കരമന-കളിയിക്കാവിള റോഡ് നാലുവരി പാതയാക്കാൻ ഈ വർഷം തന്നെ ഭൂമി ഏറ്റെടുക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള ജനിച്ച വീട് സർക്കാർ ഏറ്റെടുക്കുന്നത് സ്തുത്യർഹമാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ധനം സംഭരിച്ച് എട്ട് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നതിൽ അഞ്ചെണ്ണം ഈ വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പറഞ്ഞിരിക്കുന്നത് ശ്ലാഘനീയമാണ്. തൊഴിലുറപ്പ് പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് തരുന്ന പണവും ലേബർ ഫോഴ്സും ഉപയോഗിച്ച് ഭക്ഷ്യ സുരക്ഷാ പദ്ധതി മെച്ചപ്പെടുത്തുന്നതിനെ ക്കുറിച്ച് ആലോചിക്കണം. കുളങ്ങൾ വൃത്തിയാക്കി മൽസ്യകൃഷി ചെയ്യുന്നതിനുള്ള സ്കീം തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ നിർദ്ദേശം കൊടുത്ത് നടപ്പിലാക്കിയാൽ ഭക്ഷ്യസുരക്ഷയ്ക്ക് ഉപകരിക്കും. മഴക്കാലത്ത് ഒഴുകി വരുന്ന വെള്ളം തടയണകൾ കെട്ടി സംഭരിച്ച് കുടിവെള്ളത്തിന് ഉപയുക്തമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരി ക്കണം. കൈത്തറി മേഖലയ്ക്ക് 57 കോടി രൂപ വകയിരുത്തിയിരിക്കുന്നത് ആ വ്യവസായത്തെ പുരോഗതിയിലേയ്ക്ക് നയിക്കും.

ശ്രീ. തോമസ് ചാഴികാടൻ: ബഡ്ജറ്റിനെ എതിർക്കുന്നു. ധനകാര്യ വകുപ്പു മന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. 1000 കോടി രൂപയുടെ ഹരിത ഫണ്ട് കണ്ടെത്തുന്നതിനുള്ള മാർഗ്ഗം വ്യക്തമാക്കണം. ഡാമുകളിൽനിന്ന് മണലൂറ്റ് നടത്തി ഒരു വർഷം സമാഹരിക്കാൻ കഴിഞ്ഞ തുകയുടെ കണക്ക് വ്യക്തമാക്കണം. 30,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജിൽ എത്ര തുകയുടെ മരാമത്ത് പണികൾ നടത്തിയെന്ന് വ്യക്തമാക്കണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൾസപ്ലൈസ് കോർപ്പറേഷന് തുകയൊന്നും മാറ്റിവച്ചിട്ടില്ല. ഇൻഫോ പാർക്ക് പദ്ധതി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിയുകയില്ല. അതിവേഗ റെയിൽ കോറിഡോർ നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. കോട്ടയം മെഡിക്കൽ കോളേജിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, കാഷ്വാലിറ്റി ബ്ലോക്ക് എന്നിവയ്ക്ക് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ഏറ്റുമാനൂരിൽ വനിത ഐ.ടി.ഐ. അനുവദിക്കണം. ഭാഗപത്രം നടത്തുന്നവർക്കും ഇഷ്ടദാനം കൊടുക്കുന്നവർക്കും ഒരേ കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ കരണം ചെയ്യുമ്പോൾ അതിനെ വിലയാധാരമായി കണക്കാക്കി അതനുസരിച്ച് വില നിശ്ചയിച്ച് സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കണമെന്ന് പറയുന്നത് പിൻവലിക്കണം. പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തണം.

ശ്രീ. പി. തിലോത്തമൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യം അനുഭവപ്പെടുന്ന അവസരത്തിലും സംസ്ഥാനത്തെ

സാമ്പത്തിക വളർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ഫലപ്രദമായ സാമ്പത്തിക മാനേജ്മെന്റിലൂടെ ട്രഷറി പ്രതിസന്ധി പരിഹരിച്ചു. ക്ഷേമപദ്ധതികൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കും തുക മാറ്റി വച്ചു. വിലക്കയറ്റം നേരിടാൻ സഹകരണമേഖലയിൽ മാവേലി സ്റ്റോറുകളും, സൂപ്പർ മാവേലി മാർക്കറ്റുകളും അനുവദിച്ചു. 5000 ഓണച്ചന്തകൾ തുടങ്ങുകയും 20 ലക്ഷം ഓണക്കിറ്റുകൾ സൗജന്യമായി നൽകുകയും ചെയ്തു. .പാവപ്പെട്ടവർക്ക് രണ്ട് രൂപയ്ക്ക് ഒരു കിലോ അരി നൽകി. റേഷൻ കടകളുടെ നവീകരണത്തിന് പദ്ധതിയാവിഷ്ക്കരിച്ചു. പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങാൻവേണ്ടി 300 തസ്തികകൾ അനുവദിച്ചു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് കാർഷിക, കാർഷികാനുബന്ധ മേഖലകൾ ശക്തിപ്പെടുത്താനുള്ള നടപടികളും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികളുമാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പുതിയ 12 വ്യവസായങ്ങൾക്ക് ആരംഭം കുറിക്കുകയാണ്. ഇറച്ചി, പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. പ്രവാസി മലയാളികൾക്കുവേണ്ടി പദ്ധതി പ്രഖ്യാപിച്ചു. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ തോട്ടം മേഖലയിലെ മുഴുവൻ തൊഴിലാളികളേയും ഉൾപ്പെടുത്തണം. കയർ മേഖല പുഷ്ടിപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചു. ആലപ്പുഴയിലെ മുടങ്ങി ക്കിടന്ന ബൈപ്പാസ് റോഡ് നിർമ്മാണത്തിന് പരിഹാരം കണ്ടെത്താൻ സാധിച്ചു. അടച്ചുപൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചു. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളുടെയും

വികസനത്തിന് പുതിയ പാത തെളിയിക്കാൻ പല പദ്ധതികളും പ്രഖ്യാപിച്ചുകൊണ്ടുള്ള ബഡ്ജറ്റാണിത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാന ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ 80 ശതമാനവും കേന്ദ്രസർക്കാരിന്റെ പദ്ധതികളാണ്. ആകെ പറയാനുള്ളത് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കും എന്നത് മാത്രമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളും യാഥാർത്ഥ്യമായില്ല. പെട്രോൾ-ഡീസൽ വില വർദ്ധിപ്പിച്ചു എന്ന് പറയുന്നവർ സംസ്ഥാനത്തിന് ഈ ഇനത്തിൽ കിട്ടുന്ന നികുതി ഒഴിവാക്കിയാൽത്തന്നെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഒരുപരിധിവരെ പിടിച്ചുനിറുത്താൻ സാധിക്കും. സംസ്ഥാനത്ത് മദ്യാസക്തി വർദ്ധിപ്പിക്കാനുള്ള നടപടികളാണ് മദ്യനയത്തിലൂടെ സ്വീകരിച്ചിരിക്കുന്നത്. തൊഴിലില്ലായ്മ നിർമ്മാർജ്ജനത്തിന് ഒരു പരാമർശവും ബഡ്ജറ്റിൽ ഇല്ല. സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. പാലോളി കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുമെന്ന പ്രഖ്യാപനം മാത്രമാണുള്ളത്. ഉറുദു ഐ.ടി.ഐ, അറബിക് യൂണിവേഴ്സിറ്റി തുടങ്ങിയ പലതും പ്രഖ്യാപനങ്ങൾ മാത്രമായി ഒതുങ്ങി. പ്രവാസി മലയാളികൾക്കായി യാതൊരുവിധ ക്ഷേമപദ്ധതിയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ പൊതുകടവും ആളോഹരി കടവും വർദ്ധിച്ച സാഹചര്യത്തിൽ വളർച്ചാനിരക്ക് കൂടിയെന്നു പറയുന്നതിൽ കാര്യമില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രകൃതിയെയും മനുഷ്യനെയും മനസ്സിലാക്കിക്കൊണ്ട് പരിസ്ഥിതി രംഗത്ത്

മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന പല പദ്ധതികളുമുൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണിത്. ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കുന്നതിനു ദ്ദേശിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളടങ്ങുന്ന ബഡ്ജറ്റാണിത്. പാവപ്പെട്ടവനെ വേദനിപ്പിക്കാതെ സമ്പന്നരുടെ നികുതി വർദ്ധിപ്പിച്ചും ടാക്സ് ചോർച്ച തടഞ്ഞും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് ഈ ബഡ്ജറ്റിൽക്കൂടി സർക്കാർ ശ്രമിച്ചിട്ടുള്ളത്. 35 ലക്ഷത്തോളം വരുന്ന കുടും ബങ്ങൾക്ക് രണ്ടു രൂപയ്ക്ക് അരി നൽകാനും ഇൻഷ്വറൻസ് പരിരക്ഷ നൽകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കും 2 രൂപയ്ക്ക് അരി നൽകാനുള്ള നടപടി ഉണ്ടാകണം. കമ്പോള സമ്പദ് വ്യവസ്ഥയ്ക്ക് ഒരിക്കലും സങ്കൽപ്പിക്കാൻ കഴിയാത്തതാണ് 1000 കോടി രൂപയുടെ ഹരിത ഫണ്ട്. ഇത് കാർഷിക മേഖലയുടെ ഉൽപാദന വർദ്ധനവിന് ഉതകുന്നതായിരിക്കണം. നെല്ല് ഉൽപാദനത്തിൽ 12 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് ഹരിതഫണ്ടിൽ നിന്ന് സഹായം നൽകിയാൽ നീർത്തടാധിഷ്ഠിത വികസനം സാധ്യമാകുന്നതാണ്. ആസിയാൻ കരാറിന്റെ ആഘാതത്തിൽ നിന്ന് തെങ്ങുകൃഷിയെ രക്ഷിക്കുന്നതിന് 50 കോടി രൂപ കൂടി അനുവദി ക്കണം. ക്ളസ്റ്ററുകൾക്ക് ഉൽപ്പാദന ബോണസ് പ്രഖ്യാപിക്കണം. 5 പൊതുമേ ഖലാ വ്യവസായങ്ങൾകൂടി ലാഭത്തിലാക്കിയാൽ കേരളത്തിലെ എല്ലാ പൊതു മേഖലാ വ്യവസായങ്ങളും ലാഭത്തിലാകുമെന്ന പ്രഖ്യാപനം ശ്ളാഘനീയ മാണ്. വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കായി അടങ്കൽ തുകയിൽ വൻവർദ്ധനവാണ് വരുത്തിയിരിക്കുന്നത്. യു.ജി.സി. ശമ്പള പരിഷ്ക്കരണ ത്തിലെ അവ്യക്തതകൾ പരിഹരിക്കണം 113 ശതമാനം മൂലധന വർദ്ധന

വുണ്ടാക്കാൻ കഴിഞ്ഞത് ചരിത്രനേട്ടമാണ്. എല്ലാവർക്കും ഭൂമിയും വീടും വെളിച്ചവും നൽകുന്ന പദ്ധതി പ്രാവർത്തികമാകാൻ പോവുകയാണ്. ആദിവാസികളടക്കമുളളവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്ന പദ്ധതി കളാണ് പ്രഖ്യാപിച്ചിട്ടുളളത്.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 2300 കോടി രൂപയുടെ പ്രത്യക്ഷ നികുതിയും കോടിക്കണക്കിന് രൂപയുടെ പരോക്ഷ നികുതിയും ഏർപ്പെടുത്തുകയും പെട്രോൾ-ഡീസൽ വില വർദ്ധിപ്പിക്കുകയും ചെയ്ത കേന്ദ്ര ജനദ്രോഹ ബഡ്ജറ്റിന് ഒരു ബദൽ സമീപനം എന്ന നിലയിലാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇതൊരു ജനപക്ഷ ബഡ്ജറ്റാണ്. കേരളത്തിന്റെ തകർന്നുകൊണ്ടിരിക്കുന്ന സമ്പദ് ഘടനയ്ക്ക് താങ്ങായി ഈ ബഡ്ജറ്റിനെ കാണുന്നുവെന്നാണ് ടൂറിസ്റ്റ് മേഖലയിലെയും വ്യവസായ രംഗത്തെയും പ്രഗൽഭർ അഭിപ്രായപ്പെടുന്നത്. പൊതുമേഖലയിലെയും പരമ്പരാഗത മേഖല യിലെയും തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന 90 ശതമാനം പ്രശ്ന ങ്ങൾക്കും പരിഹാരം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കയർ-കശുവണ്ടി മേഖലകളുടെ വികസനത്തിനായി ബഡ്ജറ്റിൽ തുക മാറ്റിവ ച്ചിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളകൾക്ക് ഈ വർഷം 200 ദിവസം തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി തൊഴിലാളി കൾക്ക് ഗ്ളൗസ് അനുവദിക്കണം. കൈത്തറി മേഖലയുടെ പുരോഗതിക്കും തുക വകയിരുത്തിയിട്ടുണ്ട്. എല്ലാവിധ ക്ഷേമ ആനുകൂല്യങ്ങളും വർദ്ധിപ്പി ക്കാൻ സാധിച്ചത് അഭിമാനകരമാണ്. തോട്ടം തൊഴിലാളികൾക്കും രണ്ട് രൂപയ്ക്ക് അരി നൽകാൻ നടപടിയുണ്ടാകണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷം കൊണ്ട് സംസ്ഥാനത്തിന്റെ മൂലധന ചെലവ് വർദ്ധിച്ചു. യു.ഡി.എഫ് ഭരണകാലത്ത് മൂലധന ചെലവ് 4.1 ശതമാനമായിരുന്നത് ഇപ്പോൾ 10.4 ശതമാനമായി കൂടിയിട്ടുണ്ട്. ഇൻഡ്യയിൽ 150 ലക്ഷം ടൺ ധാന്യശേഖരമുണ്ടായിട്ടും 46.4 ശതമാനം ആളുകളും പട്ടിണിയിലാണ്. ഇൻഡ്യയിൽ 18.85 ശതമാനം വിലക്കയറ്റമുണ്ടായപ്പോൾ കേരളത്തിൽ 13 ശതമാനമാണ് വിലക്കയറ്റമുണ്ടായത്. അമേരിക്കയിലെ ലെന്റിംഗ് റേറ്റ് സീറോ ആയിരിക്കുമ്പോൾ ഇൻഡ്യയിലെ റേറ്റ് 12 ശതമാനമായതുകൊണ്ടാണ് ഇൻഡ്യയിൽ വ്യവസായ നിക്ഷേപം നടത്താൻ ആളുകൾ മുന്നോട്ട് വരാത്തത്. അഖിലേൻഡ്യാ തലത്തിൽ റെഡിമെയ്ഡ് സെക്ടറിൽ മാത്രം 10 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ചെറുകിട തോട്ടം തൊഴിലാളികൾക്ക് കിലോയ്ക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നതോടൊപ്പം തന്നെ എല്ലാ തോട്ടം തൊഴിലാളികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കണം. ആയിരം കോടി രൂപ ഹരിത കേരളം പദ്ധതിക്കായി നീക്കിവച്ചത് കാർഷിക മേഖലയുടെ പുരോഗതിക്ക് സഹായകമാകുന്നതാണ്. എല്ലാ സർക്കാർ ഓഫീസിന് മുകളിലും വിന്റ് മിൽ സ്ഥാപിച്ചാൽ വൈദ്യുതിക്കായി ഇല്ക്ട്രിസിറ്റി ബോർഡിനെ ആശ്രയിക്കാതെ മുന്നോട്ട് പോകാനും അതിലൂടെ സാമ്പത്തിക ലാഭമുണ്ടാക്കാനും സാധിക്കും.

ശ്രീ. വി. ചെന്താമരാക്ഷൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ഒരു സമ്പൂർണ്ണ ബഡ്ജറ്റാണിത്. നാടിന്റെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള

ഒട്ടേറെ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. ഇപ്പോൾ രാജ്യം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന രൂക്ഷമായ വിലക്കയറ്റത്തിൽ യു.പി.എ. ഗവൺമെന്റിന് നിർണ്ണായകമായ പങ്കുണ്ട്. നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന പഞ്ചസാര വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ച് കൃത്രിമ ക്ഷാമമുണ്ടാക്കുക മാത്രമല്ല പൊതുവിതരണ സമ്പ്രദായത്തെ അട്ടിമറിച്ച് കോർപ്പറേറ്റ് കമ്പനികൾക്ക് നിത്യോപയോഗ സാധനങ്ങൾ കൈകാര്യം ചെയ്യാനുള്ള അവസരം തുറന്നുകൊടുക്കുന്ന സമീപനമാണ് യു.പി.എ. ഗവൺമെന്റ് സ്വീകരിച്ചത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങളിലേയ്ക്ക് എത്തിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. മാവേലി സ്റ്റോർ, നീതി സ്റ്റോർ എന്നിവ തുറന്നതുൾപ്പെടെ ഏതാണ്ട് ആയിരം കോടിയോളം രൂപ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ചെലവഴിച്ചു കഴിഞ്ഞു. നഷ്ടത്തിലായിരുന്ന സപ്ലൈകോ ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 35 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കുന്ന പദ്ധതി സ്വാഗതാർഹമാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് വേണ്ടി പതിനായിരം കോടി രൂപയുടെ പദ്ധതികളാണ് കഴിഞ്ഞ വർഷത്തെ ബഡ്ജ റ്റിൽ പ്രഖ്യാപിച്ചത്. അതിൽ പലതും പുരോഗമിച്ച് വരികയാണ്. ആയിരം കോടി രൂപ ഹരിത ഫണ്ടിനായി നീക്കിവച്ചത് മാതൃകാപരമായ നടപടിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി മേഖല വിക സിച്ചു. നെല്ലിന്റെ താങ്ങുവില 12 രൂപയായി എന്നുമാത്രമല്ല കർഷകത്തൊഴിലാളി പെൻഷൻ 300 രൂപയാക്കി വർദ്ധിപ്പിക്കുകയും 28

മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നത് കൊടുത്തുത്തീർക്കുകയും ചെയ്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷം 115 കോടി രൂപയാണ് കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യമായി കൊടുത്തത്. കേരളത്തിലെ ജനകോടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു ഗവൺമെന്റാണിത്.

ശ്രീ. കെ.പി. മോഹനൻ: ബഡ്ജറ്റിനെ എതിർക്കുന്നു. ഒരു ജനവഞ്ചന ബഡ്ജറ്റാണിത്. പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ പുരോഗതി വസ്തുനിഷ്ഠമായി അറിയാൻ കേരള ജനതയ്ക്ക് താൽപ്പര്യമുണ്ട്. സമഗ്ര വികസനം ലക്ഷ്യമിടുന്ന, സാമ്പത്തിക വളർച്ച ഉറപ്പാക്കുന്ന, ജനനൻമ കൈവരുത്തുന്ന ഒരു ബഡ്ജറ്റും അത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയുമാണ് വേണ്ടത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കാനുള്ള ആത്മാർത്ഥമായ ശ്രമം ഈ ബഡ്ജറ്റിൽ ഇല്ല. ദീർഘവീക്ഷണമില്ലാത്ത ആസൂത്രിതമല്ലാത്ത, ഒരു ബഡ്ജറ്റാണിത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളൊന്നും ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നില്ല. പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽ നിന്ന് സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പകരം സമാന സ്വഭാവമുള്ളവയെ യോജിപ്പിച്ച് ശക്തിപ്പെടുത്തുകയാണ് വേണ്ടത്. രണ്ട് രൂപയ്ക്ക് ഒരു കിലോ അരി നൽകുന്നത് നല്ലതാണെങ്കിലും രണ്ട് രൂപയ്ക്ക് അരി വാങ്ങുന്നവരുടെയും ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് പകരം ഇവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാക്കാനുള്ള പദ്ധതികളാണ് ആവശ്യം. ഹരിത കേരളം പദ്ധതി ഇനിയുള്ള ഒരു വർഷം കൊണ്ട് എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്ന്

ആലോചിക്കണം. കേരളത്തിലെ ഐ.ടി. രംഗത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കണം. തരിശ് ഭൂമി വിമുക്ത സംസ്ഥാനത്തെ സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ പറഞ്ഞുവെങ്കിലും ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ പദ്ധതികൾക്ക് മാച്ചിംഗ് ഫണ്ടിനുള്ള തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. പെരിങ്ങളം നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. വില്ലേജ്-വാർഡ് വിഭജനം നടപ്പിലാക്കണം. ആദിവാസി മേഖലയിൽ കേന്ദ്രാനുമതി ലഭിച്ച പോളിടെക്നിക്ക് സ്ഥാപിക്കണം. എല്ലാ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ അനുവദിക്കണം.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജന ക്ഷേമകരങ്ങളായ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ബഡ്ജ റ്റാണിത്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന പല ക്ഷേമപദ്ധതികളും കേന്ദ്ര ഗവൺമെന്റിന്റേതാണെന്നുള്ള പ്രചരണമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരി ക്കുന്നത്. ഭക്ഷ്യോല്പാദനത്തിന്റെ കാര്യത്തിൽ പരിമിതിയുണ്ടെങ്കിലും നാണ്യവിളകളുടെ ഉല്പാദനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ മാനദണ്ഡങ്ങൾമൂലം സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും തന്നെ നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ സജീവ ഇടപെടൽ കൊണ്ടാണ് പല പദ്ധതികളും മുന്നോട്ടുപോകുന്നത്. സംസ്ഥാന ങ്ങൾക്ക് അവകാശപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ അതാത് സംസ്ഥാന ങ്ങളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് നടപ്പിലാക്കണം. ധനവിനിയോഗം സംബന്ധിച്ച് ഫലപ്രദമായ നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്.

പതിമൂന്നാം ധനകാര്യ കമ്മീഷൻ നികുതി വിഹിതം കുറച്ചതുവഴി സംസ്ഥാന ത്തിന് 5000 കോടി രൂപയുടെ നഷ്ടമാണ് വന്നിരിക്കുന്നത്. കശുവണ്ടി, കൈത്തറി, ബീഡി, തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. പുതിയ തലമുറയ്ക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്. ധനകാര്യ കെടുകാര്യസ്ഥതയും തൊഴിലാളി വിരുദ്ധ സമീപനവും കൊണ്ട് പ്രവർത്തനം നിലയ്ക്കാറായ കേന്ദ്ര പൊതു മേഖലാസ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും വിറ്റുതുലയ്ക്കുന്നതിനുമാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. വ്യവസായ മേഖലയെ സംരക്ഷിച്ചു നിർത്തുന്നതിനുതകുന്ന ഒരു നയം ആവിഷ്ക്കരിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കാനും പുതിയ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കാനും കഴിഞ്ഞു. കാസർകോട് ജില്ലയുടെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ശ്രമം അഭിനന്ദനാർഹമാണ്. എസ്.എസ്.എ.യുടെ ഭാഗമായി പ്രവർത്തിക്കുന്ന പഠനകേന്ദ്രങ്ങളിലെ ഇൻസ്ട്രക്ടർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വി. ഡി. സതീശൻ : ബഡ്ജറ്റിനെ എതിർക്കുകയാണ്. യാതൊരു വിശ്വാസ്യതയുമില്ലാത്ത, നടപ്പിലാക്കാൻ കഴിയാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങ ളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മുൻവർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഈ ഗവൺമെന്റിന് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വിഴിഞ്ഞം പദ്ധതിയും സ്മാർട്ട് സിറ്റിയും പ്രാവർത്തികമാക്കിയിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര സഹായവും ഫലപ്രദമായി വിനിയോ

ഗിക്കാനോ നടപ്പിലാക്കാനോ ഈ ഗവണ്മെന്റിന് കഴിയുന്നില്ല. എല്ലാ കാര്യങ്ങളിലും കേന്ദ്രഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക മാന്ദ്യ പശ്ചാത്തലത്തിൽ കേന്ദ്ര ഗവണ്മെന്റ് അനുവദിച്ചതിനെക്കാൾ കുറഞ്ഞ തുകയാണ് വായ്പ എടുത്തിരിക്കുന്നത്. പ്രോജക്ടുകളെ അടിസ്ഥാനമാക്കിയുള്ള വിദേശവായ്പയും കേന്ദ്ര ഏജൻസികളിൽ നിന്നുള്ള വായ്പകളും ഉപയോഗപ്പെടുത്തുന്നതിൽ സംസ്ഥാന ഗവൺമെന്റ് വീഴ്ച വരുത്തിയിരിക്കുകയാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ നിന്ന് കിട്ടിയതിനെക്കാൾ ഇരട്ടി തുക പതിമൂന്നാം ധനകാര്യ കമ്മീഷനിൽ നിന്ന് കിട്ടുമെന്നിരിക്കെ ധനക്കമ്മി വർദ്ധിക്കുന്നത് അവാർഡ് തുക കുറഞ്ഞതു കൊണ്ടാണെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. ക്യാപിറ്റൽ എക്സ്പെന്റിച്ചർ വർദ്ധിച്ചു എന്നുള്ളത് വെറും അവകാശവാദം മാത്രമാണ്. പ്രതിപക്ഷം സംസ്ഥാനത്തെ വികസന നയത്തിന് എതിരല്ല. സെസ്സ് നയത്തെ സംബന്ധിച്ച് ഈ ഗവൺമെന്റിന് ഒരു നിലപാടും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. മെട്രോ റെയിൽ പദ്ധതി താമസിപ്പിച്ചതിന്റെ പ്രധാന ഉത്തരവാദി ഈ ഗവണ്മെന്റാണ്. മാന്ദ്യവിരുദ്ധ പാക്കേജിന്റെ സാമ്പത്തിക ബാധ്യതയും വിവിധ വർക്കുകൾക്ക് എ.എസ്.ഉം ടി.എസ്.ഉം നൽകിയതിന്റെ ബാധ്യതയും ഇനി വരാൻ പോകുന്ന ഗവൺമെന്റാണ് അഭിമുഖീകരിക്കേണ്ടത്. ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ പോളിസി ഇനിഷ്യേറ്റീവും സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങളും ഉണ്ടാകണം.

<u>ശ്രീ. ജോർജ് എം. തോമസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു ശതകോടീശ്വരന്മാരെ സഹായിക്കുന്ന നയം കേന്ദ്രഗവൺമെന്റ് സ്വീകരിക്കുമ്പോൾ ദരിദ്ര ജനങ്ങളെ സഹായിക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നത്. കാർഷിക-വ്യാവസായിക മേഖലകളിലെ മൂലധന നിക്ഷേപം ഇരട്ടിയായി

വർദ്ധിപ്പിച്ചു. ശയ്യാവലംബരായവരെ ശുശ്രൂഷിക്കുന്നവർക്കുകൂടി ആനുകൂല്യ ങ്ങൾ കൊടുത്തുകൊണ്ടുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. ജൈവ കൃഷി നടത്തുമ്പോൾ ഉണ്ടാകുന്ന ഉത്പാദന നഷ്ടം കോമ്പൻസേറ്റ് ചെയ്യാൻ ആവശ്യമായ സമീപനം സ്വീകരിക്കണം. വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ലഘൂകരിക്കണം. 2001-നു ശേഷമുള്ള രജിസ്ട്രേഷൻ നടപടികളിൽ പീനൽ ഫീസ് ഈടാക്കിക്കൊണ്ട് ശിക്ഷ ലഘൂകരിക്കണം. കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങ ളെയും ലാഭത്തിലാക്കുക മാത്രമല്ല, അവയുടെ കീഴിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെയും സ്വാഗതം ചെയ്യുകയാണ്.

<u>ശ്രീ. രാജാജി മാത്യൂ തോമസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വർഷ ങ്ങളായി ക്ഷേമപദ്ധതികളുടെ ആനുകൂല്യം നിഷേധിക്കപ്പെട്ടവർക്ക് ബഡ്ജറ്റിലൂടെ അത് ഉറപ്പുവരുത്തിയിട്ടുണ്ട്. കാർഷിക മേഖല പുനരുദ്ധരിക്കു ന്നതിനും തുടർച്ചയായിട്ടുള്ള ബഡ്ജറ്റുകളിൽ അവയ്ക്ക് പ്രത്യേകം ഊന്നൽ നൽകി വിപുലീകരിക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിന് ഉറപ്പ് നൽകുന്നുണ്ട്. ഇൻഡ്യയിലാകെ ഭക്ഷ്യോൽപാദനം കുറഞ്ഞപ്പോഴും കേരളത്തിൽ ഈ രംഗത്ത് ഗണ്യമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് പലിശരഹിത വായ്പ ഉറപ്പാക്കി. വിലക്കയറ്റത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ആഗോളാടിസ്ഥാനത്തിൽ മനുഷ്യരാശി നേരിട്ടുകൊണ്ടിരിക്കുന്ന കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോള താപനത്തിന്റേയുമൊക്കെ പശ്ചാത്തലത്തിൽ അതിനെ പ്രതിരോധിക്കുന്നതിന് ക്രിയാത്മകമായ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്രീൻഫണ്ട്, വരുന്ന രണ്ട്

വർഷംകൊണ്ട് 10 കോടി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക തുടങ്ങിയ പദ്ധതികൾ സ്വാഗതാർഹമാണ്. ഡാമുകളിലെ മണൽ വാരുന്നതുമൂലം ജല സംഭരണ ശേഷി വർദ്ധിക്കുകയും മണൽ ക്ഷാമം പരിഹരിക്കപ്പെടുകയും കളിമൺ വ്യവസായത്തിന് അസംസ്കൃത വസ്തുക്കൾ ലഭ്യമാകുകയും നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിക്കുകയും ചെയ്യും. ഗ്രീൻ ബിൽഡിംഗ്സ് പോലുള്ള ആശയങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണം. നിർമ്മാണ രംഗത്ത് ഫലപ്രദമായി ഇടപെടാൻ കഴിയുന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ ഉണ്ടാകണം. ആസിയാൻ രാജ്യങ്ങളുമായി ഉണ്ടാക്കിയ സ്വതന്ത്ര വ്യാപാര കരാർ കേരളത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്നതാണ്.

ശ്രീ. കെ.കെ. ഷാജു: ബഡ്ജറ്റിനെ എതിർക്കുന്നു. 2006-ലെ ബഡ്ജറ്റിൽ അഞ്ചാം വർഷം സീറോ കമ്മി ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന് പറഞ്ഞെങ്കിലും റവന്യൂ കമ്മി ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. കർഷക ആത്മഹത്യ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുപകരം പുതിയ പദ്ധതി കൊണ്ടുവരുമെന്നുള്ള പ്രഖ്യാപനം വെറും പുകമറയാണ്. മാന്ദ്യകാല പാക്കേജനുസരിച്ച് പൊതുമരാമത്ത് വകുപ്പിന് നീക്കിവച്ച തുക ചെലവഴിക്കണം. കേന്ദ്ര സഹായം ലഭ്യമാകുന്ന ക്ഷേമ പദ്ധതികളുടെ വിഹിതം മാത്രമാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. സ്മാർട്ട് സിറ്റി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കാനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. ഇൻഫോപാർക്ക് വഴി ഒരു

ലക്ഷംപേർക്ക് തൊഴിൽ നൽകുമെന്ന പ്രഖ്യാപനം അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ കബളിപ്പിക്കുന്നതാണ്.

<u>ശ്രീ. പി. ജയരാജൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഗ്രീൻ ആന്റ് റെഡ് ബഡ്ജറ്റ് എന്നതു മാത്രമല്ല, ഒരു ജെണ്ടർ ബഡ്ജറ്റിന് തുടക്കം കുറിച്ചിരിക്കുന്നു എന്നതും സവിശേഷതയാണ്. ബഡ്ജറ്റിന്റെ കാര്യത്തിൽ കേരളം ഇൻഡ്യയ്ക്ക് മാതൃകയായിരിക്കുകയാണ്. കോർപ്പറേറ്റുകൾക്ക് 80,000 കോടി രൂപയുടെ നികുതി ഇളവുകൾ പ്രഖ്യാപിക്കുകയും സംസ്ഥാനങ്ങൾക്ക് വിവിധയിനങ്ങളിൽ നൽകുന്ന തുകയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു. നികുതി വരുമാനത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്ക് അനുവദിക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ സംസ്ഥാനങ്ങളുടെ പ്രത്യേകതകൾക്ക് അനുസരിച്ച് മാറ്റം വരുത്തണം. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചതുകൊണ്ടാണ് വിലക്കയറ്റം രൂക്ഷമായിരിക്കുന്നത്. ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടി അപലപനീയമാണ്. വളം സബ്സിഡി വെട്ടിക്കുറച്ച നടപടി കാർഷിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കും. ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്തിയപ്പോൾ എ.പി.എൽ. വിഭാഗത്തിലെ അർഹതപ്പെട്ടവർക്കുകൂടി നൽകാനുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വീടില്ലാത്തവർക്ക് വീട് കൊടുക്കാനും ക്ഷേമ പെൻഷൻ 300 രൂപയാക്കി വർദ്ധിപ്പിക്കാനും കേരളത്തിലെ അസംഘടിത മേഖലയിലെ വിവിധ വിഭാഗം ജനങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസിന്റെ പരിരക്ഷ കിട്ടുന്നതിനുള്ള സമഗ്രമായ

പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. ഉത്തേജക പാക്കേജിന്റേയും മലബാർ പാക്കേജിന്റേയുമൊക്കെ അടിസ്ഥാന ത്തിലുള്ള വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതാണ്. മെച്ചപ്പെട്ട ധനമാനേജുമെന്റിലൂടെ ഓവർഡ്രാഫ്റ്റ്, ട്രഷറി പൂട്ടൽ എന്നിവ ഒഴിവാക്കാൻ കഴിഞ്ഞു. ഭക്ഷ്യ സുരക്ഷ പരിപാടി ഫലപ്രദ മായി നടപ്പിലാക്കാൻ കഴിഞ്ഞു. കാർഷിക മേഖല പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. സംസ്ഥാന താൽപര്യത്തിനനുസരിച്ച് സ്മാർട്ട് സിറ്റി നടപ്പിലാക്കാ നുള്ള ശ്രമമാണ് നടത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകര മാക്കാനും പുതുതായി 8 പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭി ക്കുവാനുമുള്ള തീരുമാനവും ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് പ്രകട മാക്കുന്നത്. നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടു ക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്.

<u>ശ്രീ. കെ. ബാബു:</u> ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ പ്രാവശ്യം പ്രഖ്യാപിച്ച വിഭവ സമാഹരണം ഫലപ്രദമാകാത്തതിനാൽ കടവും റവന്യൂ കമ്മിയും വർദ്ധിച്ചിരിക്കുകയാണ്. പെൻഷൻ തീയതി ഏകീകരിച്ചതുവഴി ലഭിച്ച പണം ഉണ്ടായിരുന്നിട്ടും വിവിധ ക്ഷേമനിധികളിലുണ്ടായിരുന്ന പണം ട്രഷറിയിൽ കൊണ്ടുവരേണ്ടിവന്നത് ഈ ഗവൺമെന്റിന്റെ മിസ്മാനേജി നെയാണ് കാണിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന പദ്ധതികളൊന്നും ബഡ്ജറ്റിൽ ഇല്ല. ഇ. എം. എസ്. പാർപ്പിട നിർമ്മാണ പദ്ധതിക്ക് കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുകപോലും ചെലവഴിക്കാതെയാണ് ഇപ്രാവശ്യവും തുക

വകയിരുത്തിയിരിക്കുന്നത്. നായനാർ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ക്ഷേമനിധി ബോർഡുകളിൽ നിന്നെടുത്ത പണം കൊടുത്തുതീർത്തത് യു. ഡി. എഫ്. ഗവൺമെന്റാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറച്ചത് അവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപോലെ നഗരങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കൊണ്ടുവരാനുള്ള തീരുമാനം നടപ്പിലാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും ഫലപ്രദമായി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

സഭ വൈകുന്നേരം 3.40-ന് പിരിഞ്ഞു.